**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 107** **10-06-2024 - ൽ മറുപടിയ്ക്ക്**

**പോലീസ് സേനയുടെ ഡിജിറ്റലൈസേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ പോലീസ് സേനയുടെ ഡിജിറ്റലൈസേഷൻ സംബന്ധിച്ച് സ്വീകരിക്കാൻ കഴിഞ്ഞിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; എല്ലാ പോലീസ് സ്റ്റേഷനും ഡിജിറ്റലാക്കി മാറ്റാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (എ) | പോലീസ് സേനയുടെ ഡിജിറ്റലൈസേഷന്റെ ഭാഗമായി വകുപ്പിലെ ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗിച്ച് സോഫ്റ്റ്‌വെയറിലും അനുബന്ധ ഉപകരണങ്ങൾ വികസിപ്പിച്ചും ഏറ്റവും ആധുനികമായ സാങ്കേതിക വിദ്യകൾക്കധിഷ്ഠിതമായി രൂപകല്പന ചെയ്ത സോഫ്റ്റ്‌വെയറാണ് iCoPS. (Integrated Core Policing System). ടി സോഫ്റ്റ്‌വെയർ Container based infrastructure, micro service based application development തുടങ്ങിയവ അടിസ്ഥാനപ്പെടുത്തിയാണ് ഈ സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്തത്. Container based infrastructure ൽ micro service അധിഷ്ഠിതമായ ഒരു application സ്വന്തമായി വികസിപ്പിച്ചെടുത്തിരിക്കുന്ന ഭാരതത്തിലെ ആദ്യത്തെ പോലീസ് സേനയാണ് കേരള പോലീസ്. കുറ്റവാളികളെയും കുറ്റങ്ങളേയും കുറിച്ചുള്ള വിവരങ്ങൾ ഏകീകൃതമായി ശേഖരിക്കുന്നതിനായി One Data One Entry എന്ന തത്വം iCoPS ലക്ഷ്യം വയ്ക്കുന്നു. ഈ സംവിധാനം ഉപയോഗിച്ച് പോലീസ് സംശയിക്കുന്ന ഒരു വ്യക്തി മുമ്പ് ഏതെങ്കിലും കേസിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നും ഒരു കുറ്റവാളി കേരളത്തിലെ മറ്റ് ഏതൊക്കെ പോലീസ് സ്റ്റേഷനുകളിലെ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ആളാണെന്നും അത്തരം കുറ്റകൃത്യങ്ങളുടെ ആസൂത്രണ രീതിയും സഹകുറ്റവാളികളുടെയും വിവരങ്ങളും സഹായം നൽകുന്നവരുടെ വിവരങ്ങളും മനസ്സിലാക്കുന്നതിനും സഹായകരമാണ് iCoPS ആപ്ലിക്കേഷൻ. വിവിധ ഘട്ടമായിട്ടാണ് ഇത് നടപ്പിലാക്കുന്നത്. ആയതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ ജി.ഡി. റെക്കോർഡിങ്ങ്, എഫ്.ഐ.ആർ രജിസ്ട്രേഷൻ എന്നീ മോഡ്യൂളുകൾക്കൊപ്പം സെർച്ച്, എഫ് .ഐ.ആർ സൂചിക, മറ്റ് രജിസ്റ്ററുകൾ, ഡിജിറ്റൽ ഗ്യാലറി എന്നിവ പുതിയ പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്തി പ്രവർത്തന |

സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ കേസുകളുടെ അന്തിമ റിപ്പോർട്ട് സമർപ്പിക്കൽ, പ്രോസസ്സ് സംവിധാനം എന്നിവ കോടതിയുമായി ഓൺലൈൻ മുഖാന്തിരം നടത്തുന്നതിനുള്ള നടപടികൾ പരീക്ഷണാടിസ്ഥാനത്തിൽ ചെയ്തു വരുന്നു.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന ഫോട്ടോ ഉപയോഗിച്ച് കുറ്റവാളികളെ തിരിച്ചറിയുന്നതിനുള്ള സംവിധാനവും (Face Recognition System) ഇതിൽ ലഭ്യമാണ്. സംശയിക്കുന്ന വ്യക്തിയുടെ തൽസമയത്തെ ഫോട്ടോ എടുത്ത് ആയത് ക്രിമിനൽ ഗ്യാലറിയിലെ ഡേറ്റാബേസിൽ ഉള്ള ഫോട്ടോകളുമായി താരതമ്യം ചെയ്ത് സാമ്യതയുള്ള കുറ്റവാളികളുടെ ഫോട്ടോ ഉൾപ്പെടെയുള്ള വിവരങ്ങൾ നിമിഷ നേരം കൊണ്ട് ലിസ്റ്റ് ചെയ്യുന്നതാണ്. പ്രസ്തുത സംവിധാനം ഏത് സ്ഥിരം കുറ്റവാളിയെയും കേരളത്തിലെ ഏത് പോലീസ് സ്റ്റേഷനും വളരെ പെട്ടെന്ന് തന്നെ തിരിച്ചറിയുന്നതിനു സഹായകമാണ്.

കൂടാതെ ERSS System, POL-APP തുടങ്ങിയവയും പൊതുജനങ്ങൾക്ക് നേരിട്ട് പോലീസ് സ്റ്റേഷനിൽ എത്താതെ തന്നെ ഓൺലൈൻ മുഖേന പരാതി സമർപ്പിക്കുന്നതിന് THUNA, Aparajitha Online എന്നീ സംവിധാനങ്ങളും, ഭരണപരമായ ഫയലുകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് iAPS സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. Traffic fine അടക്കുന്നതിലേക്കായി ഇ-ചെല്ലാൻ സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. സീനിയർ സിറ്റിസൺ, വനിതകൾ ഉൾപ്പെടെയുള്ള പൊതുജനങ്ങളുടെ പരാതികളിൽ അടിയന്തിര പരിഹാരം ലഭ്യമാക്കുന്നതിന് എല്ലാ സ്റ്റേഷനുകളിലും പബ്ലിക്ക് റിലേഷൻസ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണത്തിനായി E-rekha മൊബൈൽ ആപ്ലിക്കേഷൻ, പാസ്പോർട്ട് വെരിഫിക്കേഷൻ നടത്തുന്നതിനായി eVIP, കുറ്റകൃത്യം നടന്ന സ്ഥലം മാപ്പ് ചെയ്യുന്നതിനായി GIS Crime Mapping, കാണാതായ കുട്ടികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി Track Child എന്നീ ആപ്ലിക്കേഷനുകൾ വിവിധ പോലീസ് സ്റ്റേഷനുകളെ സ്മാർട്ടാക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഡിജിറ്റലൈസേഷന്റെ ഭാഗമായി മേൽപ്പറഞ്ഞ സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | CCTNS സംവിധാനം സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. 4 സെർവർ മെഷീനുകൾ വാങ്ങുകയും പോലീസ് സ്റ്റേഷനു വേണ്ട 1674 ലാപ്ടോപ്, 550 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ എന്നിവ വാങ്ങിയിട്ടുണ്ട്. കൂടാതെ Software Defined Wide Area Network (SDWAN) നടപ്പിലാക്കി വരുന്നു. നിർമ്മിത ബുദ്ധി ഉപയോഗിച്ചുള്ള മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചു വരുന്നു. സംസ്ഥാനത്തു കേരള പോലീസ് ഡേറ്റ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. വിവിധ ആവശ്യങ്ങൾക്കായി മൊബൈൽ ആപ്ലിക്കേഷൻ - രക്ഷ, Know your Police Station app, Trail monitoring app, Online traffic offence reporting and fine remittance, Women safety and emergency response, Dial 100, Police Clearance Certificate app, Virtual guide for Police service, THUNA, ട്രാഫിക് ഗുരു എന്നീ ആപ്ലിക്കേഷനുകൾ വികസിപ്പിച്ചു. കൂടാതെ നിലവിലുള്ള പോലീസ് ആപ്ലിക്കേഷനുകൾ എല്ലാം integrate ചെയ്ത് Integrated Mobile Application വികസിപ്പിച്ചു. കേരളാ പോലീസ് സേനയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 15 പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി Dedicated AI team രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളും ഡിജിറ്റലൈസ് ചെയ്തു കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ